# ആവേശത്തോടെ യുവാക്കൾ; തെങ്ങിന്റെ ചങ്ങാതിക്കൂട്ടം വളരുന്നു

**കൊച്ചി:** തെങ്ങിന്റെ ചങ്ങാതിമാരായ യുവാക്കൾക്ക് സ്ഥിരം തൊഴിലും വരുമാനമാർഗ്ഗവും ഉറപ്പാക്കിക്കൊണ്ട് കേന്ദ്ര നാളികേര ബോർഡ് ഇക്കഴിഞ്ഞ ചിങ്ങം ഒന്നിന് ആരംഭിച്ച തെങ്ങുകയറ്റ പരിശീലനപരിപാടിയിൽ പരിശീലനം പൂർത്തിയാക്കിയവരുടെ എണ്ണം നാലായിരത്തോളമായി. എറണാകുളം, കോഴിക്കോട് ജില്ലകളിൽ പരിശീലനം പൂർത്തീകരിച്ചവർ 500 കഴിഞ്ഞു. ഈ സാമ്പത്തിക വർഷം 5000 തെങ്ങിന്റെ ചങ്ങാതിമാർക്ക് പരിശീലനം നൽകാനാണ് ബോർഡിന്റെ ലക്ഷ്യം. തെങ്ങിനെ സംബന്ധിച്ച് സമഗ്രമായ അറിവും പരിശീലനവും നൽകുന്നതിന് 10 ജില്ലകളിൽ ആരംഭിച്ച ആറ് ദിവസത്തെ സൗജന്യ പരിശീലനം 20 പേർ വീതമുള്ള 25 ബാച്ചുകൾക്ക് നൽകി ഓരോ കേന്ദ്രങ്ങളിലും 500 തികയ്ക്കുക എന്നതായിരുന്നു പ്രാരംഭലക്ഷ്യം. ഇപ്പോൾ 13 ജില്ലകളിലെ വിവിധ കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലാണ് പരിശീലനം നൽകുന്നത്. മാനേജ്മെന്റ് വിദഗ്ധന്മാരുടെ മേൽനോട്ടത്തിലുള്ള ലോക്കൽ എക്കണോമിക് ഡവലപ്മെന്റ് സൊസൈറ്റി (ലെഡ്സ്) എന്ന സംഘടനയാണ് എറണാകുളം ജില്ലയിലെ പരിശീലനത്തിന് നേതൃത്വം വഹിക്കുന്നത്.

മറ്റ് ജില്ലകളിലെ പരിശീലനം പൂർത്തീകരിച്ച തെങ്ങിന്റെ ചങ്ങാതിമാരുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്. കാസർഗോഡ് -158, കണ്ണൂർ - 403, മലപ്പുറം - 281, പാലക്കാട് - 386, തൃശൂർ - 423, ആലപ്പുഴ - 223, ഇടുക്കി - 43, കോട്ടയം - 79, പത്തനംതിട്ട - 74, കൊല്ലം - 406, തിരുവനന്തപുരം - 448. മറ്റു സംസ്ഥാനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മഹാരാഷ്ട്രയിൽ 20 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.

ഇനിമുതൽ തെങ്ങിന്റെ വിളവെടുപ്പുൾപ്പെടെ എല്ലാവിധ സസ്യസംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്ന തെങ്ങിന്റെ ചങ്ങാതിമാരെക്കുറിച്ച് അറിയാൻ ബോർഡിന്റെ ഓൺലൈൻ ഡയറക്ടറി സെർച്ച് ചെയ്താൽ മതി. ബോർഡിന്റെ വെബ്സൈറ്റായ coconutboard.nic.in ലെ ഹോം പേജിലുള്ള Friends of coconut tree എന്ന ബോക്സിൽ ക്ലിക്ക് ചെയ്താൽ അതാത് ജില്ലകളിലെ ചങ്ങാതിമാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭിക്കും.